നം. പ്ര.പ.ക /1155/ബി.ഡിസ്–2021/റ്റി.എ2

**കേരളസർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,**
**തിരുവനന്തപുരം–695 001.**

# വിജ്ഞാപനം

## ബാച്ച്ലർ ഓഫ് ഡിസൈൻ (ബി.ഡിസ്) കോഴ്സിലേക്കുള്ള പ്രവേശനം 2021

### ഓൺലൈൻ അപേക്ഷയുടെപ്രൊഫൈൽ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമുള്ളഅവസരം

2021-22 വർഷത്തെ ബാച്ച്ലർ ഓഫ് ഡിസൈൻ (ബി.ഡിസ്) കോഴ്സിലേയ്ക്ക് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ പരിശോധിക്കുന്നതിനും അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിക്കുന്നതിനുമുള്ള അവസരം **16.10.2021, ഉച്ചയ്ക്ക് 2.00 മണി വരെ** ലഭ്യമാകുന്നതാണ്. പ്രവേശന പരീക്ഷാകമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'B.Des-2021 Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാനമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ അപേക്ഷകന്റെ പ്രൊഫൈൽ പേജിൽ അപേക്ഷയിൽ അനുവദിച്ചിട്ടുള്ള വ്യക്തിഗത വിവരങ്ങൾ/നേറ്റിവിറ്റി/ സംവരണം/ മറ്റ് ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാകുന്നതാണ്. അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം പ്രൊഫൈൽ പേജിൽലഭ്യമായ **'Memo Details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ ന്യൂനതകൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായരേഖകൾ/സർട്ടിഫിക്കറ്റുകൾ അപേക്ഷകൻ ഓൺലൈനായി അപ്‌ലോഡ്ചെയ്യേണ്ടതാണ്. **അപാകതകൾ പരിഹരിക്കുന്നതിന് പിന്നീട് അവസരം നൽകുന്നതല്ല.**

അനുബന്ധരേഖകളോ സർട്ടിഫിക്കറ്റുകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

**ഹെൽപ്പ് ലൈൻ നമ്പർ:0471 2525300**

തിരുവനന്തപുരം
11.10.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**